(ബി) പ്രീഡിഗ്രി വേർപ്പെടുത്തൽ നടപടി പൂർത്തീകരിച്ച സാഹചര്യത്തിൽ ലക്ചറർ നിയമനത്തിന് ഏർപ്പെടുത്തിയിട്ടുള്ള നിരോധനം നീക്കി ഉത്തരവ് പുറപ്പെടുവിക്കുമോ;

(സി) നിലവിൽ എയിഡഡ് കോളേജുകളിൽ ലക്ചറർ തസ്തികയിലേക്കുള്ള നിയമന നടപടികൾക്ക് അംഗീകാരം നൽകുന്നതിന് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(ഡി) ഈ കമ്മിറ്റിയുടെ ഘടന വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത കമ്മിറ്റിയുടെ ശുപാർശ പ്രകാരം ഇതുവരെ എത്ര എയിഡഡ് കോളേജുകൾക്ക് ലക്ചറർ നിയമനം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്;

(എഫ്) ഏതെല്ലാം കോളേജുകൾക്കാണ് നിയമനാനുമതി നൽകിയതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പ്രീഡിഗ്രി കോളേജുകളിൽ നിന്നും വേർപ്പെടുത്തിയതിനെ തുടർന്ന് സർവ്വകലാശാലകളിലും കോളേജുകളിലും ലക്ചറർ തസ്തികയിലേക്കുള്ള നിയമനത്തിന് നിരോധനമേർപ്പെടുത്തിയിരുന്നു. സർക്കാർ കോളേജുകളിൽ ലക്ചറർ നിയമനത്തിന് ഏർപ്പെടുത്തിയിരുന്ന നിരോധനം പിന്നീട് നീക്കി.

(ബി) പ്രീഡിഗ്രി കോളേജുകളിൽ നിന്നും വേർപ്പെടുത്തിയതിനെ തുടർന്ന് നിരവധി അദ്ധ്യാപകർ പ്രൈവറ്റ് കോളേജുകളിലും സർവ്വകലാശാലകളിലും അധികമായി വന്നു. അധികമുള്ള അദ്ധ്യാപകരുടെ പുനർവിന്യാസ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിരോധനം നീക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സി) കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

(ഡി—എഫ്) ചോദ്യം ഉദിക്കുന്നില്ല.

മാസ്റ്റർ ഓഫ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ കോഴ്സ്

144 [1554] ശ്രീ. ഡി. സുഗതൻ:

" ജി. പ്രതാപവർമ്മ തമ്പാൻ:

" എം. മുരളി:

" ജോർജ് ജെ. മാത്യു:

ശ്രീമതി രാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല കഴിഞ്ഞവർഷം മാസ്റ്റർ ഓഫ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ എന്ന കോഴ്സിൽ ചേരുന്നതിന് അപേക്ഷ ക്ഷണിച്ചിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എത്ര പേർ ഈ കോഴ്സിന് അപേക്ഷിച്ചുവെന്നും അപേക്ഷഫീസ് എത്രയായിരുന്നു എന്നും പറയുമോ;

(സി) അപേക്ഷാഫീസിനത്തിൽ എത്ര തുക പിരിഞ്ഞുകിട്ടി എന്നു വ്യക്തമാക്കുമോ;

(ഡി) ഈ കോഴ്സ് കേരള സർവ്വകലാശാല ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഇ) ഈ കോഴ്സിൽ ചേരാൻ അപേക്ഷ ക്ഷണിച്ചപ്പോൾ ഇതാരംഭിക്കുവാൻ കെട്ടിടം, ഫർണിച്ചർ, സ്റ്റാഫ് മുതലായവ ഏർപ്പെടുത്തിയിരുന്നുവോ;

(എഫ്) ഇല്ലെങ്കിൽ പ്രസ്തുത കോഴ്സിനു ചേരാൻ അപേക്ഷ ക്ഷണിച്ചതിന്റെ കാരണം എന്തെന്നു പറയുമോ;

(ജി) പ്രസ്തുത കോഴ്സിന് അപേക്ഷ ക്ഷണിച്ചപ്പോൾ സർവ്വകലാശാല വി.സി. ആരായിരുന്നു എന്നുപറയുമോ?

ഉത്തരം

(എ) കേരള സർവ്വകലാശാലയുടെ വിദൂര പഠനകേന്ദ്രം മുഖേന കഴിഞ്ഞ വർഷം മാസ്റ്റർ ഓഫ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ കോഴ്സിന് അപേക്ഷ ക്ഷണിച്ചിരുന്നു.

(ബി) 489 പേർ അപേക്ഷിച്ചിരുന്നു. എൻട്രൻസ് പരീക്ഷാഫീസ് ഉൾപ്പെടെ 300 രൂപ അപേക്ഷഫീസായി നിശ്ചയിച്ചിരുന്നു.

(സി) 1,46,700 രൂപ പിരിഞ്ഞു കിട്ടിയിട്ടുണ്ട്.

(ഡി) മെഡിക്കൽ കോളേജിലുള്ള ചൈൽഡ് ഡവലപ്മെന്റ് സെന്റർ മുഖേന വിദൂര പഠനകേന്ദ്രം ഈ കോഴ്സ് തുടങ്ങാൻ നടപടി എടുത്തു കഴിഞ്ഞിട്ടുണ്ട്. താത്കാലികമായി പ്രവേശന പരീക്ഷ നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ഇ ആന്റ് എഫ്) ചൈൽഡ് ഡവലപ്മെന്റ് സെന്റർ ആവശ്യമായ സൗകര്യം ചെയ്തു നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്.

(ജി) ഡോ: ബി. ഇക്ബാൽ ആയിരുന്നു കേരള സർവ്വകലാശാല വൈസ് ചാൻസലർ.

LIBRARY ARCHIVES Kerala Legislative Assembly